**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സാമൂഹികമായ ഇടപെടൽ ശക്തമാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | (എ) | (എ) സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ അഡ്വൈസറി ബോർഡുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ എല്ലാ വകുപ്പ് തലവൻമാർക്കും നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ wcd.kerala.gov.in/dowry എന്ന പോർട്ടലിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സാമൂഹികമായ ഇടപെടൽ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള വനിതാ കമ്മീഷൻ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ |

| | | | |
|---|---|---|---|
| | | | പോസ്റ്ററുകൾ എന്നീ മാർഗങ്ങളിലൂടെ നടത്തിവരുന്നു. സ്ത്രീ സംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. വനിതാ കമ്മീഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും, സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസുകൾ ഓൺലൈനടക്കം ചെയ്തുവരുന്നു. കൂടാതെ വിവാഹിതരാകാൻ പോകുന്ന യുവതിയ്ക്കും യുവാവിനും സ്ത്രീധനമെന്ന വിപത്തിനെതിരെയും ഒപ്പം ലിംഗനീതിയ്ക്കായുള്ള പ്രവർത്തനങ്ങളിൽ അണിചേരണമെന്ന സന്ദേശം ഉൾക്കൊള്ളുന്ന, ബഹു. വകുപ്പുമന്ത്രി നൽകുന്ന ആശംസാകാർഡ് എല്ലാ വിവാഹമണ്ഡപങ്ങൾ വഴിയും അല്ലാതെയും വധൂവരൻമാർക്ക് കൈമാറുന്ന പദ്ധതിയും നടപ്പാക്കുന്നു. വർദ്ധിച്ചു വരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നതിന് സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി കേരള വനിതാ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. സ്ത്രീധന അതിക്രമങ്ങൾക്കെതിരായ ക്യാമ്പെയ്നിന് സംസ്ഥാന പൊലീസ് മേധാവി തുടക്കമിടുകയുണ്ടായി. 'Say No To Dowry' എന്ന ടാഗ് ലൈനിൽ സോഷ്യൽ മീഡിയയിൽ ആരംഭിച്ച ക്യാമ്പെയിനിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 'Say No To Dowry' മുദ്രാവാക്യ രചന മത്സരങ്ങളും വാഹന റാലികളും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | സ്ത്രീപീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (സി) | (സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങളിൽ നീതി ലഭ്യമാക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിന് ക്രൈം മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | (ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

സ്ത്രീപീഡനം തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുന്നതിനുമുള്ള നിയമങ്ങൾ, കർശനമായി നടപ്പിലാക്കുന്നതിന് ആഭ്യന്തര-വനിതാശിശുവികസന വകുപ്പുകളും കേരള വനിതാ കമ്മീഷനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ വനിതാശിശുവികസന വകുപ്പ്, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ അഡ്വൈസറി ബോർഡുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ wcd.kerala.gov.in/dowry എന്ന പോർട്ടലിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം- 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതാശിശുവികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം എല്ലാ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുമുണ്ട്. കൂടാതെ പ്രസ്തുത നിയമത്തിന്റെ പരിധിയിലുള്ള

പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള She Box എന്ന ഓൺലൈൻ പോർട്ടൽ കേരളവും നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ 2 വർഷങ്ങളായി ഇന്റേണൽ കമ്മിറ്റി അംഗങ്ങൾക്കും പൊതുജനങ്ങൾ/വിദ്യാർത്ഥികൾക്കും നിരവധി ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചു. കൂടാതെ വകുപ്പ് വഴി മൂന്ന് ലക്ഷം ബുക്ക് ലെറ്റ് പ്രിന്റ് ചെയ്തു തൊഴിൽ സ്ഥലങ്ങളിൽ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. വനിതാശിശുവികസന വകുപ്പ്, 'കനൽ' കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജൻറർ റിലേഷൻസ് ആന്റ് വിമൺ ലെജിസ്ലേഷനുകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കൂടാതെ, ലിംഗസമത്വം, സ്ത്രീസുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ സ്ഥാപനങ്ങളിൽ താൽക്കാലികമായി

(പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന പല സ്ത്രീകൾക്കും സാങ്കേതിക വിദ്യയിൽ പരിജ്ഞാനമില്ലാത്തതിനാലും കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിലും ഇത്തരത്തിലുള്ള സ്ത്രീകൾക്ക് സൗജന്യമായി പരാതി നൽകുന്നതിനുള്ള സംവിധാനമെന്ന നിലയിൽ തപാൽ വകുപ്പും വനിതാശിശു വികസന വകുപ്പും സഹകരിച്ചു 'രക്ഷാദൂത്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക പീഡനം, ജൻഡർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പരിപാടിയാണ് പ്രീ ആൻറ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്. കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിങ് സെന്ററുകൾ വനിതാ ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 'കാതോർത്ത്' എന്ന ഓൺലൈൻ കൺസൾട്ടൻസി വകുപ്പ് നടപ്പിലാക്കിവരുന്നു. ലിംഗപദവി അസമത്വം തടയുന്നതിന്റെ ഭാഗമായി " ഇനി വേണ്ട വിട്ടു വീഴ്ച" ക്യാമ്പെയിൻ സോഷ്യൽ മീഡിയ വഴി നടപ്പിലാക്കിവരുന്നു. സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള സംരക്ഷണ നിയമം, വിവിധ സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ച് പൊതു സമൂഹത്തിന് നിരവധി ബോധവത്ക്കരണ ക്ലാസ്സുകൾ കേരള വനിതാ കമ്മീഷൻ സംഘടിപ്പിച്ചു വരുന്നു. ഭരണഘടനാപരമായ സ്ത്രീയുടെ അവകാശങ്ങൾ സംബന്ധിച്ച് അറിവ് പകർന്നു നൽകുന്നതിന് സെമിനാറുകൾ/വെബിനാറുകൾ, യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുവാൻ ലിംഗസമത്വം വളർത്തുന്നതിനും അവരെ സഹായിക്കുന്നതിനും ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും കലാലയജ്യോതി പരിപാടികൾ, വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങളും വിവാഹേതര ബന്ധങ്ങളും തടയുന്നതിന് യുവതി യുവാക്കൾക്ക് പ്രീമാരിറ്റൽ കൗൺസിലിംഗ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല ജാഗ്രതാസമിതിയിലെ അംഗങ്ങൾക്ക് പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ/എൻ.ജി.ഒ എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം തുടങ്ങിയ

Seeman

ബോധവത്ക്കരണ പരിപാടികളും കമ്മീഷൻ നടത്തിവരുന്നു. പൊതു ഇടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടന്നാൽ അതിവേഗം FIR രജിസ്റ്റർ ചെയ്യണമെന്നും ഫോറൻസിക് പരിശോധനയ്ക്കുള്ള തെളിവ് ശേഖരണം, മറ്റ് ശാസ്ത്രീയ തെളിവ് ശേഖരിക്കൽ, രണ്ട് മാസത്തിനുള്ളിൽ ലൈംഗികാതിക്രമ കേസുകളുടെ അന്വേഷണം പൂർത്തിയാക്കൽ എന്നിവയെപ്പറ്റി ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യത്തെക്കുറിച്ച് അറിവോ പരാതിയോ ലഭിച്ചാൽ അധികാര പരിധി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി 24 മണിക്കൂറിനുള്ളിൽ കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച പരാതികളിന്മേൽ പരാതിക്കാരുടെ വീട്ടിൽ നേരിട്ട് ചെന്ന് മൊഴികളും മറ്റും രേഖപ്പെടുത്തുന്നതുവഴി ഇത്തരം കുറ്റകൃത്യങ്ങളിൽ പരാതി നൽകാനുള്ള വിമുഖത ഒഴിവാകുകയും ഇരയ്ക്കൊപ്പമാണ് പോലീസ് എന്ന മനോഭാവം പരാതിക്കാരിൽ ഉളവാക്കുവാനും സാധിച്ചിട്ടുണ്ട്. എല്ലാ മാസവും ആദ്യവാരം ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ എസ്.എച്ച്.ഒ മാരെ ഏകോപിപ്പിച്ച് MONTHLY CRIME CONFERENCE നടത്തി ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്താറുണ്ട്. കേസന്വേഷണത്തിൽ വീഴ്ചയോ അപാകതകളോ കണ്ടാൽ കുറ്റക്കാരായ

Seena

ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായി പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ Self Defence Training ക്ലാസുകൾ സ്കൂൾ, കോളേജ്, വിവിധ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയിലൂടെ നൽകി വരുന്നുണ്ട്.

Seeman

Section Officer